# കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്

## സർക്കുലർ

**നമ്പർ റൂൾസ്-1/235/2018/ഉ.ഭ.പ.വ.** *തിരുവനന്തപുരം, 2018 ജൂലൈ 25.*

വിഷയം:—ഉ.ഭ.പ.വ.—കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം II ചട്ടം 13 B—സ്പഷ്ടീകരണം—സംബന്ധിച്ച്

1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം II ചട്ടം 13 B-യുടെ നാലാമത്തെ പ്രൊവിസോ പ്രകാരം സർവ്വീസിലുള്ള സർക്കാർ ജീവനക്കാരിൽ 26-8-1981-നോ അതിനുശേഷമോ 50 വയസ് കൈവരിക്കുന്നവർക്ക് പ്രൊമോഷൻ, പ്രൊബേഷൻ, പൂർണ്ണ അംഗമായുള്ള നിയമനം എന്നിവയ്ക്ക് അവശ്യയോഗ്യതയായി (essential qualification) സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളവ ഒഴികെയുള്ള നിർബന്ധിത വകുപ്പുതല പരീക്ഷകൾ (obligatory departmental tests) വിജയിക്കുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കപ്പെടുന്നതിന് അർഹതയുണ്ട് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ളവരുടെ പ്രൊബേഷൻ പ്രഖ്യാപനം, പ്രൊമോഷൻ എന്നിവയ്ക്കുള്ള പ്രാബല്യ തീയതി വിവിധ നിയമനാധികാരികൾ കണക്കാക്കുന്നത് വ്യത്യസ്ത രീതികളനുസരിച്ച് ആയതിനാൽ, പ്രാബല്യ തീയതി സംബന്ധിച്ച് വ്യക്തത വരുത്തുന്നത് ഉചിതമായിരിക്കുമെന്ന് സർക്കാർ കരുതുന്നു.

2. 26-8-1981-നോ അതിനുശേഷമോ 50 വയസ് കൈവരിക്കുന്ന സർക്കാർ ജീവനക്കാർക്ക് പ്രൊമോഷൻ, പ്രൊബേഷൻ, പൂർണ്ണ അംഗമായുള്ള നിയമനം എന്നിവയ്ക്ക് അവശ്യയോഗ്യതയായി (essential qualification) സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളവ ഒഴികെയുള്ള നിർബന്ധിത വകുപ്പുതല പരീക്ഷകൾ (obligatory departmental tests) വിജയിക്കുന്നതിന് കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം II ചട്ടം 13 B പ്രകാരം അനുവദിക്കുന്ന സ്ഥിരമായ ഇളവ് ജീവനക്കാരന്റെ അമ്പതാം ജൻമദിനത്തിന്റെ പൂർവാഹ്നം പ്രാബല്യത്തിൽ നൽകാവുന്നതാണ്. അതിനാൽ, അന്നേ തീയതി മുതൽ തന്നെ ജീവനക്കാരന്റെ പ്രൊബേഷൻ പ്രഖ്യാപിക്കപ്പെടുന്നതിനും, ഒഴിവുള്ള തസ്തികയിൽ മറ്റ് വിധത്തിൽ നിയമിക്കപ്പെടുന്നതിന്

GCPT. 3/3275/2018/S-24.

യോഗ്യനാണെങ്കിൽ പ്രൊമോഷൻ ലഭിക്കുന്നതിനും അർഹതയുണ്ട് എന്ന് വ്യക്തമാക്കുന്നു. ഉദാഹരണത്തിന് നിർബന്ധിത വകുപ്പുതല പരീക്ഷ വിജയിക്കാത്ത കാരണത്താൽ പ്രൊബേഷൻ പ്രഖ്യാപിക്കാത്ത, 30-5-1968 ജനന തീയതിയായുള്ള ഒരു ജീവനക്കാരന്റെ പ്രൊബേഷൻ 30-5-2018 പൂർവാഹ്നം പ്രാബല്യത്തിൽ പ്രഖ്യാപിക്കാവുന്നതാണ്.

3. മുൻകാലങ്ങളിൽ മറ്റ് വിധത്തിൽ തീർപ്പാക്കപ്പെട്ട കേസുകൾ മേൽ പരാമർശിച്ച സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കേണ്ടതില്ല എന്നും വ്യക്തമാക്കുന്നു.

ബിശ്വനാഥ് സിൻഹ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

എല്ലാ വകുപ്പധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ (കേരളം), എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം/എറണാകുളം (ആമുഖ കത്ത് സഹിതം).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.